# സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(ഹാജർ: ജാഫർ മലിക് IAS)**

തിരുവനന്തപുരം,
തീയതി. 22.11.2018.

ഉത്തരവ് നം. G4-5414/18(1)

=======================================================================

വിഷയം : സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റ് - മന്ദഹാസം പദ്ധതി - 2018-19 വർഷത്തെ നടത്തിപ്പ് - അധിക തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-
1) 20.04.2018-ലെ സ.ഉ.(സാധാ) നം. 242/2018/സാ.നീ.വ. നം. സർക്കാർ ഉത്തരവ്.
2) ഈ കാര്യാലയത്തിലെ 27.06.2018-ലെ മേൽ നം. ഉത്തരവ്.
3) കണ്ണൂർ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 05.10.2018-ലെ DSJO/കെഎൻ.ആർ/ബി-243/17 നം. കത്ത്.
4) തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 31.10.2018-ലെ ഡി-778/17 നം. കത്ത്.
5) ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 13.11.2018-ലെ എ-2-2631/18 നം. കത്ത്.
6) പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 14.11.2018-ലെ ബി-2846/18 നം. കത്ത്.

മുതിർന്ന പൗരൻമാരിൽ പല്ലുകളുടെ അഭാവം കൃത്യമായ പോഷണാഗിരണത്തേയും അതുവഴി ശരിയായ ആരോഗ്യത്തേയും സാരമായി ബാധിക്കുന്നു എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരൻമാർക്ക് പൂർണ്ണ ദന്തനിര സൗജന്യമായി വച്ച് പിടിപ്പിച്ച് കൊടുക്കുന്നതിന് സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് മന്ദഹാസം പദ്ധതി. ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടപ്പാക്കുന്ന ടി പദ്ധതിയ്ക്കായി ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ അപേക്ഷ സ്വീകരിക്കുകയും ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ആരോഗ്യ വകുപ്പ് നിശ്ചയിച്ച് നൽകിയിട്ടുള്ള സർക്കാർ ദന്തിസ്റ്റ് എന്നിവരടങ്ങുന്ന സമിതി അപേക്ഷകൾ പരിശോധിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും എം പാനൽ ചെയ്യപ്പെടുന്ന ആശുപത്രികളിൽ ദന്തനിര വച്ചുകൊടുക്കുന്ന നടപടി പൂർത്തിയാക്കി ജില്ലാ ഓഫീസർ മുഖാന്തിരം ബന്ധപ്പെട്ട സ്ഥാപനത്തിന് തുക അനുവദിച്ച് കൊടുക്കുന്നതുമാണ് പദ്ധതി നടത്തിപ്പ് രീതി. ഒരു ഗുണഭോക്താവിന് പരമാവധി 5000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്.

മന്ദഹാസം പദ്ധതി ഉൾപ്പെടുന്ന 'സ്വയംപ്രഭ' ശീർഷകം സർക്കാർ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി പദ്ധതി തുക ചെലവഴിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

മന്ദഹാസം പദ്ധതിയുടെ 2018-19 വർഷത്തെ നടത്തിപ്പിനായി എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കുമായി ആകെ 39,50,000/- രൂപ പരാമർശം (2) പ്രകാരം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ പദ്ധതി ആനുകൂല്യത്തിനായി കൂടുതൽ അപേക്ഷകൾ എത്തിച്ചേരുന്നുണ്ടെന്നും ആയതിനാൽ അധിക തുക അനുവദിക്കണമെന്നും പരാമർശം 3, 4, 5, 6 പ്രകാരം കണ്ണൂർ, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട് ജില്ലാ ഓഫീസർമാർ അപേക്ഷിച്ചിട്ടുണ്ട്. ഇപ്രകാരം കണ്ണൂർ ജില്ലാ ഓഫീസർ 17 പേർക്കായി 85,000/- രൂപയും തൃശ്ശൂർ ജില്ലാ ഓഫീസർ 50 പേർക്കായി 2,50,000/- രൂപയും ആലപ്പുഴ ജില്ലാ ഓഫീസർ 84 പേർക്കായി 4,20,000/- രൂപയും പാലക്കാട് ജില്ലാ ഓഫീസർ 130 പേർക്കായി 6,50,000/- രൂപയുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ആയത് പ്രകാരം ആകെ 14,05,000/- രൂപ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അനുവദിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മന്ദഹാസം പദ്ധതിയുടെ നടത്തിപ്പിനായി 14,05,000/- രൂപ (പതിനാല് ലക്ഷത്തി അയ്യായിരം രൂപ മാത്രം) ചുവടെപ്പറയും പ്രകാരം ബന്ധപ്പെട്ട ജില്ലാ ഓഫീസർമാരുടെ പേരിൽ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | അനുവദിക്കുന്ന എണ്ണം | ആകെ തുക |
|---|---|---|---|
| 1 | ആലപ്പുഴ | 84 x 5000 | 4,20,000/- |
| 2 | തൃശ്ശൂർ | 50 x 5000 | 2,50,000/- |
| 3 | പാലക്കാട് | 130 x 5000 | 6,50,000/- |
| 4 | കണ്ണൂർ | 17 x 5000 | 85,000/- |
| | ആകെ | 281 x 5000 | 14,05,000/- |

(പതിനാല് ലക്ഷത്തി അയ്യായിരം രൂപ മാത്രം)

പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥാപനം സർക്കാർ സ്ഥാപനമാണെങ്കിൽ മുഴുവൻ തുകയും നൽകാവുന്നതാണ്. സ്വകാര്യ സ്ഥാപനമാണെങ്കിൽ ആകെ തുകയുടെ 50% ആദ്യ ഘട്ടമായും കേസ് പൂർത്തിയാക്കി യു.സി. ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുകയും

അനുവദിക്കാവുന്നതാണ്. ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ വ്യക്തമായ കരാർ പത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആദ്യ ഗഡു തുക അനുവദിച്ചു നൽകാൻ പാടുള്ളൂ. യാതൊരു കാരണവശാലും ഗുണഭോക്താവിന് നേരിട്ട് തുക കൈമാറുവാൻ പാടുള്ളതല്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച റിപ്പോർട്ട് രണ്ടു മാസത്തിലൊരിക്കൽ നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്. പദ്ധതി തുക ചെലവഴിച്ചാലുടൻ Plan Slace-ൽ വിശദാംശങ്ങൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം യഥാസമയം ടി ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിനാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-02-104-82(P) സായംപ്രഭ ശീർഷകത്തിൽ നിന്നും മാറാവുന്നതാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
ആലപ്പുഴ/തൃശ്ശൂർ/പാലക്കാട്/കണ്ണൂർ.

പകർപ്പ്:

1. സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റിനായി)
2. സീനിയർ ഫിനാൻസ് ഓഫീസർ
3. സൂപ്രണ്ട് പ്ലാനിംഗ് സെൽ
4. ബന്ധപ്പെട്ട ട്രഷറി ഓഫീസർ
5. ഡയറക്ടറുടെ സി.എ.
6. സ്റ്റോക്ക് ഫയൽ/സ്പെയർ.

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്